പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5802 — 09/07/2012 ൽ മറുപടിയ്ക്ക്

## ചേർത്തലയിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂമി പൂർണ്ണമായും റീസർവ്വേ നടത്താതെ പുറമ്പോക്ക് മാത്രം റീസർവ്വേ നടത്താൻ തീരുമാനമായിട്ടുണ്ടോ ; ഇത് എന്തുകൊണ്ടാണെന്ന് പറയാമോ ; | (എ) ഇതു സംബന്ധിച്ച് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇപ്പോഴും റീസർവ്വേ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |
| (ബി) ഇപ്രകാരം റീസർവ്വേ നടത്തിയാൽ റവന്യൂ രേഖകൾ കാലഹരണപ്പെട്ടതുകൊണ്ടും കൈവശ ഭൂമി സംബന്ധിച്ച അവ്യക്തത കൊണ്ടും ഭൂമിയുടെ ഇനത്തിലുണ്ടായ വ്യത്യാസംകൊണ്ടും ദീഘകാലമായി വിവിധ തരത്തിലുള്ള പ്രശ്നങ്ങളെ നേരിടുന്ന ഭൂവുടമകൾക്കും റവന്യൂ ഉദ്യോഗസ്ഥർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എപ്രകാരം പരിഹരിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) ചേർത്തല താലൂക്കിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ഏതെല്ലാമാണെന്നു പറയാമോ ; ഈ സർക്കാർ അധികാരമേറ്റശേഷം ചേർത്തല താലൂക്കിലെ ഏതെങ്കിലും വില്ലേജിൽ റീസർവ്വേ നടന്നിട്ടുണ്ടോയെന്നും റിക്കോർഡുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | (സി) ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, മാരാരിക്കുളം(നോർത്ത്), തണ്ണീർമുക്കം (നോർത്ത്), തണ്ണീർമുക്കം (സൗത്ത്) എന്നീ 5 വില്ലേജുകൾ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. അരൂക്കുറ്റി, പെരുംപളം എന്നീ വില്ലേജുകളിൽ പൈലറ്റ് പ്രോജക്ട് പ്രകാരം അവസാനഘട്ട റീ-സർവെ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ